പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2527 **28-10-2026-ൽ മറുപടിയ്ക്ക്**

പുതിയ മുനിസിപ്പാലിറ്റികളിലെ പട്ടിക ജാതി വികസന ഓഫീസുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ ഇത്തരത്തിൽ തസ്തിക സൃഷ്ടിക്കാൻ അവശേഷിക്കുന്ന മുനിസിപ്പാലിറ്റികൾ എത്രയെന്ന് വ്യക്തമാക്കുമോ;

മറുപടി: കൊല്ലം ജില്ലയിൽ തസ്തിക സൃഷ്ടിക്കാൻ അവശേഷിക്കുന്ന 4 മുൻസിപ്പാലിറ്റികളാണുള്ളത്.

(സി) പട്ടികജാതി വികസനവകുപ്പ് നടത്തിയ പഠന റിപ്പോർട്ടിൽ കൊല്ലം ജില്ലയിൽ എത്ര പുതിയ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

മറുപടി: ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ നടത്തിയ പ്രവർത്തി പഠന റിപ്പോർട്ടിൽ, കൊല്ലം ജില്ലയിൽ പരവൂർ, പുനലൂർ എന്നീ മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഇവിടങ്ങളിൽ പുതിയ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മറുപടി: പട്ടികജാതി വികസന വകുപ്പിൽ കാലിക പ്രാധാന്യമില്ലാത്തതും നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ തസ്തികൾ ഒഴിവാക്കിയ ശേഷം, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭ്യമാക്കുന്നതിന് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ